# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (കൈയ്യെഴുത്ത്) നമ്പർ 134/2009/തൊഴിൽ.

*തിരുവനന്തപുരം, 2009 ഒക്ടോബർ 7.*

**എസ്. ആർ. ഒ. നമ്പർ 840/2009.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡവും അതിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും കേരള സർക്കാർ, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ ആവശ്യപ്പെടുന്ന പ്രകാരവും, 2009 ഫെബ്രുവരി 9-ാം തീയതിയിലെ 319-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 ജനുവരി 28-ാം തീയതി 16610/ഇ1/08/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശം പരിഗണിച്ചശേഷവും കേരള സംസ്ഥാനത്തിൽ സ്വർണ്ണവും വെള്ളിയും ആഭരണങ്ങളുടെ നിർമ്മാണത്തിൽ പ്രവർത്തിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും, ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

1. സ്വർണ്ണവും, വെള്ളിയും ആഭരണങ്ങൾ നിർമ്മിക്കുന്നതിലെ വിവിധ പ്രക്രിയകളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളെ താഴെ പറയും പ്രകാരം തരം തിരിക്കുന്നു:

ഗ്രൂപ്പ് I. <u>അതിവിദഗ്ദ്ധ തൊഴിലാളികൾ</u>

(എ) 1. സൂപ്പർ വൈസർ/ഫോർമാൻ

2. മുഖ്യ ജോലിക്കാരൻ

3. പ്രത്യേകമായി രൂപകല്പന ചെയ്ത് കരവിരുതുള്ള ആഭരണങ്ങൾ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

(ബി) മാനേജർ

ഗ്രൂപ്പ് II. വിദഗ്ദ്ധ തൊഴിലാളികൾ

(എ) 1. സ്വർണ്ണം ശുദ്ധസ്വർണ്ണമാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

2. ശുദ്ധ സ്വർണ്ണം സ്വർണ്ണമാക്കി മാറ്റുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

3. സ്വർണ്ണാഭരണം നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

4. സ്വർണ്ണത്തിൽ നിറം പിടിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

5. സ്വർണ്ണം സ്വർണ്ണനാരാക്കി മാറ്റി സ്വർണ്ണക്കമ്പി നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

6. സ്വർണ്ണം മുറിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

7. സ്വർണ്ണാഭരണങ്ങൾ പോളിഷ് ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

8. സ്വർണ്ണാഭരണങ്ങൾ കളറിംഗ് ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

9. വെള്ളി ശുദ്ധീകരിക്കുന്നതിൽ/വെള്ളി ഉരുപ്പടികൾ ഉണ്ടാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

10. വെള്ളി ആഭരണങ്ങളും ഉരുപ്പടികളും നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

11. വെള്ളി മുറിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

12 വെള്ളി ഉരുപ്പടികളും ആഭരണങ്ങളും പോളിഷ് ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

13. സ്വർണ്ണത്തിൽ പൊതിഞ്ഞ/വെള്ളി പൂശിയ ആഭരണങ്ങൾ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

(ബി) 1. അക്കൗണ്ടന്റ്/ക്ലാർക്ക്

2. കാഷ്യർ/ടൈപ്പിസ്റ്റ്

3 കമ്പ്യൂട്ടർ ഓപ്പറേറ്റർ

4. സ്റ്റെനോഗ്രാഫർ

5. ഡ്രൈവർ

6. സെയിൽസ്മാൻ (നിർമ്മാണ സ്ഥാപനങ്ങളിലെ).

ഗ്രൂപ്പ് III. അവിദഗ്ദ്ധ തൊഴിലാളികൾ:

(എ) 1. സ്വർണ്ണ സംസ്കരണം/ശുദ്ധീകരണം, സ്വർണ്ണാഭരണങ്ങളുടെ നിർമ്മാണത്തിലും അനുബന്ധ ജോലികളിലും സഹായിക്കുന്നവർ.

2. വെള്ളി സംസ്കരണം/ശുദ്ധീകരണം, വെള്ളി ആഭരണങ്ങൾ/ഉരുപ്പടികളുടെ നിർമ്മാണത്തിലും മറ്റു അനുബന്ധ ജോലികളിലും സഹായിക്കുന്നവർ.

(ബി) 1. അറ്റന്റർ/പ്യൂൺ

2. വാച്ച്മാൻ/സെക്യൂരിറ്റി ജീവനക്കാരൻ

3. ഫുൾടൈം സ്വീപ്പർ

## ഏറ്റവും കുറഞ്ഞ കൂലിയുടെ സ്ഥിരനിരക്ക്

1. ടൈം റേറ്റ്—അടിസ്ഥാന വേതനം

| *ക്രമ നമ്പർ* | *തൊഴിലാളികളുടെ വിഭാഗം* | *മാസ വേതനം (രൂപ)* | *ദിവസവേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ)* |
|---|---|---|---|
| (1) | (2) | (3) | (4) |
| | ഗ്രൂപ്പ് I—അതിവിദഗ്ദ്ധ തൊഴിലാളികൾ: | | |
| | (എ) വിഭാഗം | 6500.00 | 250.00 |
| | (ബി) വിഭാഗം | 6240.00 | 240.00 |
| | ഗ്രൂപ്പ് II—വിദഗ്ദ്ധ തൊഴിലാളികൾ: | | |
| | (എ) വിഭാഗം | 5850.00 | 225.00 |
| | (ബി) വിഭാഗം | 5200.00 | 200.00 |
| | ഗ്രൂപ്പ് III—അവിദഗ്ദ്ധ തൊഴിലാളികൾ: | | |
| | (എ) വിഭാഗം | 4550.00 | 175.00 |
| | (ബി) വിഭാഗം | 4160.00 | 160.00 |

2. **പീസ് റേറ്റിൽ ജോലി ചെയ്യുന്നതിന്**

(എ) സ്വർണ്ണ ഉരുപ്പടികളുടെ നിർമ്മാണം

| ക്രമ നമ്പർ | ഉരുപ്പടി നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗിച്ച സ്വർണ്ണത്തിന്റെ തൂക്കം | ഉരുപ്പടിയുടെ ഓരോ ഗ്രാമിനുമുള്ള ഏറ്റവും കുറഞ്ഞ നിരക്കിലുള്ള അടിസ്ഥാന വേതനം | | |
|---|---|---|---|---|
| | | കല്ലുകൾ/ മുത്തുകൾ വച്ച കട്ടിയായ ഉരുപ്പടി കൾക്ക് (രൂപ) | സാധാരണ ഉരുപ്പടി കൾക്ക് (രൂപ) | പ്രത്യേകമായി രൂപകല്പന ചെയ്തതും, അലങ്കാരപര മായതും കര വിരുതുള്ളതു മായ ഉരുപ്പടി കൾക്ക് (രൂപ) |
| (1) | (2) | (3) | (4) | (5) |
| 1 | 2 ഗ്രാം വരെ | 80 | 70 | 90 |
| 2 | 2 ഗ്രാമിനുമുകളിൽ 5 ഗ്രാം വരെ | 70 | 60 | 80 |
| 3 | 5 ഗ്രാമിനുമുകളിൽ 10 ഗ്രാം വരെ | 60 | 50 | 70 |
| 4 | 10 ഗ്രാമിനുമുകളിൽ 15 ഗ്രാം വരെ | 50 | 40 | 60 |
| 5 | 15 ഗ്രാമിനുമുകളിൽ 20 ഗ്രാം വരെ | 40 | 35 | 50 |
| 6 | 20 ഗ്രാമിനുമുകളിൽ 30 ഗ്രാം വരെ | 35 | 30 | 40 |
| 7 | 30 ഗ്രാമിനുമുകളിൽ 40 ഗ്രാം വരെ | 30 | 25 | 35 |
| 8 | 40 ഗ്രാമിനുമുകളിൽ 50 ഗ്രാം വരെ | 25 | 20 | 30 |
| 9 | 50 ഗ്രാമിനുമുകളിൽ | 20 | 15 | 25 |

(ബി) വെള്ളി രൂപങ്ങൾ/ആഭരണങ്ങൾ/ഉരുപ്പടികൾ എന്നിവയുടെ നിർമ്മാണം

| ക്രമ നമ്പർ | രൂപങ്ങൾ/ആഭരണങ്ങൾ/ഉരുപ്പടികൾ എന്നിവയുടെ നിർമ്മാണത്തിനു വേണ്ടി ഉപയോഗിച്ച വെള്ളിയുടെ തൂക്കം | ഓരോ ഗ്രാമിനുമുള്ള ഏറ്റവും കുറഞ്ഞ നിരക്കിലുള്ള അടിസ്ഥാന വേതനം | | |
|---|---|---|---|---|
| | | കട്ടിയായ ഉരുപ്പടി കൾക്ക് (രൂപ) | സാധാരണ ഉരുപ്പടി കൾക്ക് (രൂപ) | പ്രത്യേകമായി രൂപകല്പന ചെയ്തതും അലങ്കാരപര മായതും കര വിരുതുള്ളതു മായ ഉരുപ്പടി കൾക്ക് (രൂപ) |
| (1) | (2) | (3) | (4) | (5) |
| 1 | 10 ഗ്രാം വരെ | 12 | 10 | 15 |
| 2 | 10 ഗ്രാമിനുമുകളിൽ 15 ഗ്രാം വരെ | 10 | 8 | 13 |
| 3 | 15 ഗ്രാമിനുമുകളിൽ 20 ഗ്രാം വരെ | 9 | 7 | 11 |
| 4 | 20 ഗ്രാമിനുമുകളിൽ 30 ഗ്രാം വരെ | 7 | 6 | 9 |
| 5 | 30 ഗ്രാമിനുമുകളിൽ 40 ഗ്രാം വരെ | 6 | 5 | 8 |
| 6 | 40 ഗ്രാമിനുമുകളിൽ 50 ഗ്രാം വരെ | 5 | 4 | 7 |
| 7 | 50 ഗ്രാമിനുമുകളിൽ 100 ഗ്രാം വരെ | 4 | 3.5 | 6 |
| 8 | 100 ഗ്രാമിനുമുകളിൽ 500 ഗ്രാം വരെ | .. | .. | .. |

3. **ക്ഷാമബത്ത**

അടിസ്ഥാന വേതനത്തിനുപുറമെ, കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന 1998–99=100 എന്ന പുതിയ സീരീസ് ഉപഭോക്തൃ വിലസൂചിക നമ്പരിന്റെ 120 (നൂറ്റിഇരുപത്) പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസവേതന വിഭാഗത്തിലെ തൊഴിലാളികൾക്ക് 82 (എൺപത്തിരണ്ട്) പൈസ നിരക്കിലും മാസവേതന വിഭാഗത്തിലെ തൊഴിലാളികൾക്ക് രൂപ 21.32 (ഇരുപത്തിഒന്ന് രൂപ മുപ്പത്തിരണ്ട് പൈസ) നിരക്കിലും മാറിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത നൽകേണ്ടതാണ്. പീസ് റേറ്റിലുള്ള തൊഴിലാളികൾക്ക് ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. എന്തെന്നാൽ അവർക്ക് ക്ഷാമബത്ത ഉൾപ്പെടെയുള്ള കൂലിയാണ് നിശ്ചയിച്ചിട്ടുള്ളത്.

ഇടുക്കി, വയനാട് ജില്ലകളെ സംബന്ധിച്ചിടത്തോളം, ആ ജില്ലകളിൽ പ്രത്യേകമായി ഉപഭോക്തൃ വില സൂചിക നമ്പർ പ്രസിദ്ധീകരിക്കുന്നതുവരെ, മൂന്നാർ, മേപ്പാടി കേന്ദ്രങ്ങളിൽ യഥാക്രമം പ്രസിദ്ധീകരിച്ചിട്ടുള്ള ഉപഭോക്തൃ വില സൂചിക നമ്പരിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

4. **സർവ്വീസ് വെയിറ്റേജ്**

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ അല്ലെങ്കിൽ ഒരു തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി അഞ്ച് വർഷത്തിൽ കുറയാതെ സേവനകാലമുള്ള ടൈം റേറ്റ് വിഭാഗം തൊഴിലാളികൾക്ക് (മാസവേതനക്കാർക്കും ദിവസവേതനക്കാർക്കും) അവർ പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവനത്തിനും അടിസ്ഥാനവേതനത്തിന്റെ ½ % നിരക്കിൽ മൊത്തം 15%-ൽ കവിയാത്ത സർവ്വീസ് വെയിറ്റേജ് അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

5. **ഗാരന്റി ചെയ്ത ഏറ്റവും കുറഞ്ഞ കൂലി**

ഒരു തൊഴിലുടമയുടെ കീഴിൽ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംഗതിയിൽ ഒരു ദിവസത്തെ പീസ് വർക്കിന് ലഭിക്കുന്ന വേതനം 150 (നൂറ്റി അൻപത്) രൂപയിൽ താഴെയാണെങ്കിൽ ആ തൊഴിലാളികൾക്ക് ആ ദിവസത്തേക്ക് ഗാരന്റി ചെയ്ത ഏറ്റവും കുറഞ്ഞ കൂലിയായ 150 (നൂറ്റി അൻപത്) രൂപ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

6. **വേയ്സ്റ്റേജ്**

സ്വർണ്ണമോ വെള്ളിയോ ആഭരണങ്ങൾ നിർമ്മിക്കുന്ന പണി ചെയ്യുമ്പോൾ ഉണ്ടാകുന്ന വേയ്സ്റ്റേജ്/തൂക്കത്തിലെ കുറവ് എന്ന പേരിലുള്ള ആനുകൂല്യം പ്രാദേശിക സമ്പ്രദായമോ കരാറോ പ്രകാരം അനുവദിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ സംഗതിയിൽ ആ ആനുകൂല്യം അപ്രകാരം തുടർന്നും നൽകേണ്ടതാണ്.

7. **ഉയർന്ന വേതനം**

ഈ വിജ്ഞാപനം പ്രകാരം നിശ്ചയിച്ച ഏറ്റവും കുറഞ്ഞ നിരക്കിലുള്ള വേതനത്തേക്കാൾ ഉയർന്ന വേതനങ്ങളും ആനുകൂല്യങ്ങളും ഏതെങ്കിലും പ്രദേശത്തിലെ/സ്ഥാപനത്തിലെ തൊഴിലാളികൾക്ക് നൽകിവരുന്നുണ്ടെങ്കിൽ അങ്ങനെയുള്ള ആനുകൂല്യങ്ങൾ തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തിൽ സ്വർണ്ണവും വെള്ളിയും ആഭരണങ്ങളുടെ നിർമ്മാണത്തിൽ പ്രവർത്തിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തത് പ്രകാരം 2009 ജനുവരി 28-ാം തീയതിയിലെ 16610/ഇ1/2008/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും പ്രസ്തുത മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.